# ദൈവവിളി പ്രോത്സാഹന ഞായർ
## 14 ജനുവരി 2018

യേശുവിൽ പ്രിയ വൈദികരേ, സന്യാസസഹോദരന്മാരേ, സഹോദരീമാരേ, പ്രിയമക്കളേ,

കേരള ലത്തീൻ കത്തോലിക്കാസഭ ഈ വരുന്ന ജനുവരി 14-ാം തീയതി ദൈവവിളി പ്രോത്സാഹനഞായറായി ആചരിക്കുകയാണ്. നമ്മുടെ കുടുംബങ്ങളിൽ നിന്നും ധാരാളം കുട്ടികളും യുവതീയുവാക്കളും ദൈവത്തിന്റെ പ്രത്യേകവിളി സ്വീകരിച്ചുകൊണ്ട് പൗരോഹിത്യജീവിതവും സന്യാസസമർപ്പിതജീവിതവും തിരഞ്ഞെടുക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും അവരെ അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹാരുമായ ജനക്കൂട്ടത്തെ കണ്ടപ്പോൾ അവരുടെമേൽ അനുകമ്പതോന്നിയ യേശുനാഥൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു. ''വിളവധികം, വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർഥിക്കുവിൻ''(മത്തായി 9, 36-38). സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഇന്നും ധാരാളം വൈദികരെയും സന്യാസസമർപ്പിതരെയും സഭയ്ക്ക് ആവശ്യമുണ്ട്. അതിനുവേണ്ടി പ്രാർത്ഥിക്കുക എന്നതാണ് സഭയുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം.

സഭ തന്റെ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്. തന്റെ നാഥനിൽനിന്നും ലഭിച്ച കല്പനയനുസരിച്ച് സർവസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാൻ അവൾ വിളിക്കപ്പെട്ടിരിക്കുന്നു. ''സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം'' എന്നാണ് വിജാതീയരുടെ അപ്പസ്തോലനായ വി. പൗലോസ് പറയുന്നത്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ 2000 വർഷങ്ങൾ പിന്നിട്ടെങ്കിലും സുവിശേഷം ഇന്നും എല്ലായിടത്തും എത്തിച്ചേർന്നിട്ടില്ല. യേശുവിന്റെ സുവിശേഷം ലോകം മുഴുവനും എത്തിക്കുകയെന്നത് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. സുവിശേഷം പ്രഘോഷിക്കുവാനും രക്ഷാകരമായ കൂദാശകൾ പരികർമ്മം ചെയ്യാനും സഭയുടെ മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാനും സമർപ്പിതരായ വൈദികരെയും സന്യസ്തരെയും കൂടാതെ സാധിക്കുകയില്ല.

കേരള ലത്തീൻസഭയുടെ പ്രേഷിതമുഖം കൂടുതൽ പ്രകാശിതമാക്കുവാൻ വേണ്ടി കഴിഞ്ഞ ഒക്ടോബർ 6, 7, 8 തീയതികളിൽ വല്ലാർപാടത്തുവച്ച് സംഘടിപ്പിച്ച മിഷൻകോൺഗ്രസ്സും ബിസിസി കൺവെൻഷനും ഒരു വലിയ വിജയമായിരുന്നു. അതിൽ പങ്കെടുത്ത ഓരോരുത്തരും തങ്ങളുടെ പ്രേഷിതദൗത്യത്തിന്റെ മാഹാത്മ്യം സ്വീകരിച്ചുകൊണ്ടാണ് സ്വഭവനങ്ങളിലേക്ക് തിരിച്ചുപോയത്. ആ ചൈതന്യം മങ്ങാതെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്. സ്വന്തം കുടുംബത്തിലും ബിസിസിയിലും ഇടവകയിലും രൂപതയിലും അങ്ങനെ കേരള ലത്തീൻസഭയിൽ മുഴുവനിലുമായി ഈ പ്രകാശം ആളികത്തുമ്പോൾ മാത്രമാണ് സഭയുടെ പ്രേഷിതമാനം നമുക്ക് ജീവിക്കുവാനും മറ്റുള്ളവർക്ക് അത് പകർന്നുകൊടുക്കാനും സാധിക്കുന്നത്. പ്രേഷിതരംഗത്ത് വടക്കെ ഇന്ത്യയിലെ മിഷൻ രൂപതകളുമായുള്ള സഹകരണം മിഷൻ ചൈതന്യം വിശ്വാസികളുടെയിടയിൽ വളർത്തുവാൻ സഹായകമാകും.

വൈദികജീവിതത്തിലേക്കും സന്യാസസമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളികൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കത്തക്കവിധം ആദ്ധ്യാത്മികചൈതന്യം ഓരോ കുടുംബത്തിലും വളർത്തിയാൽ മാത്രമേ ദൈവത്തിന്റെ പ്രത്യേകവിളി തിരിച്ചറിയുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കുടുംബാന്തരീക്ഷം പ്രാർത്ഥനാചൈതന്യത്തിലും ദൈവഭക്തിയിലും നാം വളർത്തിയെടുക്കണം. അതിനുള്ള വലിയ ഉത്തരവാദിത്വം പ്രധാനമായും മാതാപിതാക്കൾക്കാണ്. വൈദികജീവിതത്തോടും സന്യാസജീവിതത്തോടും താല്പര്യം കാണിക്കുന്ന കുട്ടികളെ

അതിൽനിന്നും തടയാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുക. കാരണം ഓരോ ദൈവവിളിയും ദൈവത്തിന്റെ ദാനമാണ്.

സഭയിൽ ധാരാളം ദൈവവിളികൾ ലഭിക്കുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഓരോ ഇടവകയിലും ദൈവവിളികൾ തിരിച്ചറിയുന്നതിലും അവയെ പ്രോത്സാഹിപ്പിക്കുന്നതിലും ബഹു. വൈദികരും സന്യസ്തരും മതാദ്ധ്യാപകരും ബിസിസി ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു. അതിനുവേണ്ടി താഴെ പറയുന്ന കാര്യങ്ങൾ സംഘടിപ്പിക്കുന്നത് വളരെ ഉചിതമായിരിക്കും.

1. കുട്ടികൾക്കും യുവതീയുവാക്കൾക്കും വേണ്ടി പ്രാർത്ഥനായോഗങ്ങൾ, ദിവ്യകാരുണ്യ ആരാധന, വചനശുശ്രൂഷ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ മുതലയാവ സംഘടിപ്പിക്കുക.
2. രൂപതയിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളും അഗതിമന്ദിരങ്ങളും സന്ദർശിച്ച് കുട്ടികളിൽ സഹാനുഭൂതി സൃഷ്ടിക്കുകയും സമർപ്പിതജീവിതത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കാൻ അവർക്ക് അവസരങ്ങൾ കൊടുക്കുകയും ചെയ്യുക.
3. ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന കുടുംബപ്രാർത്ഥനയിൽ അനുദിനം ഉൾപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുക.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം
കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

† സൂസപാക്യം എം.
കെ.ആർ.എൽ.സി.സി അദ്ധ്യക്ഷൻ
തിരുവനന്തപുരം മെത്രാപ്പോലീത്ത

†അലക്സ് വടക്കുംതല
കണ്ണൂർ മെത്രാൻ

† വർഗീസ് ചക്കാലക്കൽ
ദൈവവിളി കമ്മീഷൻ ചെയർമാൻ
കോഴിക്കോട് മെത്രാൻ

09/12/17

NB: ഈ സർക്കുലർ 2018 ജനുവരി 7-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ നമ്മുടെ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.